LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള വായ്പാ ധനസഹായത്തിന് അപേക്ഷിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

അപേക്ഷകൻ സംഘത്തിലെ 'എ' ക്ലാസ്/ 'സി' ക്ലാസ് മെമ്പർ ആയിരിക്കണം. ഒരു ഗുണഭോക്താവിന് 10,000 രൂപ വരെ മാത്രമേ അനുവദിക്കുകയുള്ളൂ. അർഹരായ വിദ്യാർഥികൾക്ക് പ്രസ്തുത സംഘം/ബാങ്ക് ലോൺ അനുവദിക്കുന്നതിന് ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ സാക്ഷ്യപത്രം ആവശ്യമാണ്. ക്രമപ്രകാരമുള്ള അപേക്ഷകൾ ബാങ്ക്/സംഘം നിരസിക്കുന്ന പക്ഷം അപേക്ഷകന് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാരെ സമീപിക്കാം. വായ്പകൾ എല്ലാ സഹകരണ സംഘം/ബാങ്കുകൾ വഴി അനുവദിക്കുന്നതു സംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്; (സർക്കുലർ നമ്പർ 22/2021, 25/2021). ഇതു കൂടാതെ അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർക്ക് പദ്ധതി നടത്തിപ്പിന്റെ ചുമതല നൽകിക്കൊണ്ട് കത്ത് നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതിക്ക് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിശ്ചയിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി 25-6-2021 മുതൽ 31-7-2021 വരെയാണ്.

(ഡി) ഈ പദ്ധതിയിലേയ്ക്ക് മണലൂർ മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് ധനസഹായം നൽകിയെന്നും അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽനിന്നും 771 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 379 പേർക്ക് ധനസഹായം നൽകുകയുണ്ടായി.

(ഇ) ഈ പദ്ധതി പ്രകാരം വായ്പ നൽകിയ മണലൂർ മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പട്ടിക നൽകാമോ; ഓരോ സ്ഥാപനവും എത്ര ലോൺ വീതമാണ് നൽകിയതെന്ന് വ്യക്തമാക്കാമോ?

വായ്പ നൽകിയ സംഘം/ബാങ്കുകൾ-അറ്റാച്ച്മെന്റ് കണ്ടാലും.*

കെയർഹോം പദ്ധതി

266 (1996) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2091 വീടുകൾ. ഇതിൽ 2067 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കെട്ടിട സമുച്ചയങ്ങളാണ് നിർമ്മിച്ചു നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കെയർഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും ഭവനരഹിതർക്ക് ഭവനസമുച്ചയങ്ങൾ (flat) നിർമ്മിച്ച് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

കോവിഡ് കാലത്ത് സഹകരണ വകുപ്പിന്റെ സഹായങ്ങൾ

267 (1997) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കോവിഡ് കാലത്ത് പ്രയാസമനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കായി സഹകരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളെന്തെല്ലാം; പേര് സഹിതം വിശദമാക്കാമോ?

കോവിഡ് കാലത്ത് പ്രയാസമനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കായി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(1) മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM' s Helping Hand Loan Scheme- CMHLS) കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 2020 വർഷത്തിൽ ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്കുണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട, കുടുംബശ്രീ മുഖേനയുള്ള വായ്പാപദ്ധതിയായ " മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM' s Helping Hand Loan Scheme- CMHLS)" പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ എന്നിവ മുഖേന 2020 വർഷത്തിൽ നടപ്പിലാക്കിയിരുന്നു. ടി പദ്ധതി പ്രകാരം കോവിഡ് -19 നിമിത്തം അയൽക്കൂട്ടത്തിന്/കുടുംബത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടിനും അവരുടെ സാമ്പത്തിക സ്ഥിതിക്ക് ആനുപാതികമായും ഒരംഗത്തിന്

LIBRARY ARCHIVES Kerala Legislative Assembly